## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *299 — 13/03/2018 ൽ മറുപടിയ്ക്ക്

### "കാർഷിക വിപണി ശക്തിപ്പെടുത്താൻ ഗ്രാമീണ ചന്തകൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>,, അൻവർ സാദത്ത്<br>,, കെ.സി.ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷിക വിപണി ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ ചന്തകൾ ആരംഭിക്കുവാൻ കൃഷി വകുപ്പിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഒരു ഘടകമാണ് ഗ്രാമപഞ്ചായത്തുതല ആഴ്ച ചന്തകൾ. നിലവിൽ കാർഷികോൽപ്പന്നങ്ങൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് പരിമിതമായ അവസരമാണ് ഉള്ളത്. ഇതിന് പരിഹാരമായി പഴം, പച്ചക്കറി, ചെറു ധാന്യങ്ങൾ പരമ്പരാഗതവും നശിച്ചുപോകുന്നതുമായ കാർഷി കോൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആഴ്ചചന്തകൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഉത്പാദന കേന്ദ്രങ്ങൾക്ക് സമീപം തന്നെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ട ആഴ്ചചന്തകൾ സ്ഥാപിക്കുന്നു. ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും വിപണിയിലേയ്ക്ക് എത്തുന്നതു വരെയുള്ള നഷ്ടം ഇതുമൂലം ഒഴിവാക്കാൻ കഴിയും. കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കുടുംബശ്രീയുമായി സഹകരിച്ച് ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ 400 ആഴ്ചചന്തകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആഴ്ചച്ചന്തയുടെ നടത്തിപ്പ് ആരെയാണ് ഏല്പിക്കുന്നത്; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും; | ബി) കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കുടുംബശ്രീയുമായി സഹകരിച്ച് ആഴ്ചചന്തകൾ നടത്തുന്നു. നാല് അംഗങ്ങളടങ്ങിയ നിർവ്വഹണ കമ്മിറ്റിക്കാണ് ആഴ്ചചന്ത നടത്തിപ്പിന്റെ ചുമതല. രണ്ട് അംഗങ്ങൾ കുടുംബശ്രീ ജെ.ഇ.വി.എ. (JLG Evaluation Agent) യിൽ നിന്നും കൂടാതെ മറ്റ രണ്ടംഗങ്ങൾ വനിതകൾക്ക് മുൻഗണന നൽകി ഫാർമർ ക്ലസ്റ്ററുകളിൽ നിന്നുമാണ്. ടി ആഴ്ച ചന്തകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായുള്ള നിർവ്വഹണ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. 2017 നവംബർ 25 മുതൽ ഇതുവരെ 376 ആഴ്ചചന്തകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |

(സി) ഇത്തരം വിപണി വഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ;

സി) പരിഗണിക്കുന്നതാണ്.

(ഡി) കർഷകരുടെയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾ കണക്കിലെടുത്തുള്ള വിപണി ഇടപെടൽ കാർഷിക വിപണന മേഖലയിൽ എന്ത് മാറ്റം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) സബ്സിഡി നിരക്കിൽ പഴംപച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് വിൽപന നടത്തി പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താവിന് മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള കാർഷികോൽപ്പന്നങ്ങൾ ലഭ്യമാക്കുവാനും വിപണി ഇടപെടൽ മൂലം സാധ്യമാകുന്നു.

**സെക്ഷൻ ഓഫീസർ**